Kerala Gazette No. 11 dated 8th March 1975.
PART I Section iii

കേരള സർക്കാർ

നിയമവകുപ്പ്

പരസ്യം

നമ്പർ 10960/ജി2/74/ലെ. തിരുവനന്തപുരം 1974 നവംബർ 19
1896 കാർത്തികം 28.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ ബില്ലിന് 1974 നവംബർ 18-ാം തീയതി പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയുണ്ടായി.

ഗവർണ്ണരുടെ ഉത്തരവു പ്രകാരം,

എം. ശേഖരൻ,

നിയമവകുപ്പു സെക്രട്ടറി.

The Kerala Cashew Factories (Acquisitions) Act, 1974 (29 of 1974)

1974-ലെ 29-ാം ആക്റ്റ്

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ)

ആക്റ്റ്

ചില കശുവണ്ടി ഫാക്റ്ററികൾ പൊതു താൽപര്യാർത്ഥം വിലയ്ക്കെടുക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

പീഠിക:—കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ ഇടയിലുള്ള വൻതോതിലുള്ള തൊഴിലില്ലായ്മ തടയുകയും തൊഴിൽ രഹിതരായി തീർന്നിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് വ്യവസ്ഥ ചെയ്യുകയും, അവർക്ക് ന്യായമായ സേവന വ്യവസ്ഥകൾ ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് ചില കശുവണ്ടി ഫാക്റ്ററികൾ വിലയ്ക്കെടുക്കുന്നത് പൊതു താൽപ്പര്യാർത്ഥം യുക്തമായിരിക്കയാൽ, ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിഅഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും:—(1) ഈ ആക്റ്റിന് 1974-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ:</u> ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "നിർദ്ദിഷ്ട ദിവസം" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയ ദിവസം എന്നർത്ഥമാകുന്നു;

(ബി) "കശുവണ്ടി ഫാക്റ്ററി" എന്നാൽ കശുവണ്ടി സംസ്കരിച്ചുവരുന്നതും ഫാക്റ്ററി ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ളതുമായ ഫാക്റ്ററി എന്നർത്ഥമാകുന്നതും ഫാക്റ്ററി കെട്ടിടവും അതു സ്ഥിതിചെയ്യുന്ന സ്ഥലവും അതോടനുബന്ധിച്ച് ഫാക്റ്ററിയുടെ പ്രവർത്തനത്തിനുവേണ്ടിയോ പ്രവർത്തനം സംബന്ധിച്ചോ ഉപയോഗിക്കുന്നതോ ആവശ്യമായതോ ആയ കെട്ടിടങ്ങളും ഭൂമിയും ഉൾപ്പെടുന്നതുമാകുന്നു;

(സി) "കോർപ്പറേഷൻ" എന്നാൽ 1956-ലെ കമ്പനി ആക്റ്റ് (1967-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഏകാംഗയോഗമാക്കപ്പെട്ട കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ക്ലിപ്തം എന്നർത്ഥമാകുന്നു;

(ഡി) "ഫാക്റ്ററീസ് ആക്റ്റ്" എന്നാൽ 1948-ലെ ഫാക്റ്ററി ആക്റ്റ് (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്) എന്നർത്ഥമാകുന്നു;

(ഇ) "കൈവശക്കാരൻ" എന്നാൽ ഫാക്റ്ററി ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു കൈവശക്കാരൻ എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) കശുവണ്ടിയെ സംബന്ധിച്ച് "സംസ്കരിച്ചെടുക്കൽ" എന്നതിൽ കശുവണ്ടി എണ്ണ എടുക്കുന്നതും, കശുവണ്ടി വറുക്കുന്നതും തോടു കളയുന്നതും തൊലി കളയുന്നതും തരംതിരിക്കുന്നതും കൈകാര്യം ചെയ്യുന്നതും ഉൾപ്പെടുന്നതാകുന്നു.

3. <u>വിലയ്ക്കെടുക്കുന്നതിനുള്ള ഉത്തരവ്:—</u>

(1) (എ) ഒരു കശുവണ്ടി ഫാക്റ്ററിയുടെ കൈവശക്കാരൻ ഫാക്റ്ററിയിലെ തൊഴിലാളികളുടെ സുരക്ഷിതത്വം, സേവന വ്യവസ്ഥകൾ അല്ലെങ്കിൽ വേതനം നിജപ്പെടുത്തുകയും നൽകുകയും ചെയ്യുക എന്നിവ സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല, എന്നോ;

(ബി) ഇൻഡ്യൻ കശുവണ്ടി കോർപ്പറേഷൻ ഒരു കശുവണ്ടി ഫാക്റ്ററിക്ക് അനുവദിച്ചിട്ടുള്ള തോട്ടണ്ടി അനുവദിക്കപ്പെട്ട ഫാക്റ്ററിയിൽ സംസ്കരിച്ചെടുക്കുന്നില്ലെന്നോ, അഥവാ അങ്ങനെയുള്ള അണ്ടി മറ്റേതെങ്കിലും കശുവണ്ടി ഫാക്റ്ററിയിലേയ്ക്ക് കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നു എന്നോ;

(സി) ലേ ഓഫ് മൂലമോ കുറവുചെയ്യൽ മൂലമോ അല്ലാതെ ഒരു കശുവണ്ടി ഫാക്റ്ററിയിലെ തൊഴിലാളികളുടെ ഇടയിൽ വൻതോതിൽ തൊഴിലില്ലായ്മ ഉണ്ടെന്നോ;

സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം, അതിന് ഗസറ്റിൽ പരസ്യപ്പെടുത്തിയ ഉത്തരവുമൂലം, ആ കശുവണ്ടി ഫാക്റ്ററി സർക്കാരിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും പ്രഖ്യാപിക്കാവുന്നതാണ്.

എന്നാൽ, ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച് ഈ ഉപവകുപ്പു പ്രകാരമുള്ള ഒരു പ്രഖ്യാപനം നടത്തുന്നതിനു മുൻപ്, സർക്കാർ, ഫാക്ടറിയുടെ കൈവശക്കാരനും, ഫാക്ടറിയുടെ ഉടമ കൈവശക്കാരനല്ലെങ്കിൽ അയാൾക്കും ഈ ഉപവകുപ്പുപ്രകാരം നടപടി എടുക്കുവാനുള്ള അവരുടെ ഉദ്ദേശവും അതിനുള്ള കാരണങ്ങളും കാണിച്ചുകൊണ്ടുള്ള ഒരു നോട്ടീസ് നൽകേണ്ടതും, അങ്ങനെയുള്ള നോട്ടീസ് അനുസരിച്ച് നൽകപ്പെട്ടേക്കാവുന്ന ആക്ഷേപങ്ങൾ പരിശോധിക്കേണ്ടതുമാണ്.

<u>വിശദീകരണം</u>:—ഈ ഉപവകുപ്പിലെ ആവശ്യങ്ങൾക്കുവേണ്ടി "ലേ ഓഫ്" "കുറവുചെയ്യൽ" എന്നീ പ്രയോഗങ്ങൾക്ക് 1947-ലെ വ്യവസായ തർക്ക ആക്റ്റിൽ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) യഥാക്രമം അവയ്ക്ക് കൊടുത്തിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ പരാമർശിച്ചിട്ടുള്ള നോട്ടീസ് കേരള സംസ്ഥാനത്ത് പ്രസിദ്ധപ്പെടുത്തുന്ന രണ്ടു വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അങ്ങനെയുള്ള പ്രസിദ്ധപ്പെടുത്തൽ കൈവശക്കാരന്നും, ഉടമ കൈവശക്കാരനല്ലെങ്കിൽ അയാൾക്കും, കശുവണ്ടി ഫാക്റ്ററിയിൽ അവകാശബന്ധമുള്ള മറ്റെല്ലാ ആളുകൾക്കും മതിയായ നോട്ടീസായി കരുതപ്പെടുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു പ്രഖ്യാപനം നടത്തിയാൽ, ആ പ്രഖ്യാപനം ബാധിക്കുന്ന കശുവണ്ടി ഫാക്റ്ററിയും, നിശ്ചിത തീയതിക്ക് തൊട്ടുമുൻപ് ഫാക്റ്ററിയുടെ കൈവശക്കാരന്റെ ഉടമസ്ഥതയിലോ, കൈവശത്തിലോ, അധികാരത്തിലോ അഥവാ അധീനതയിലോ ഉള്ളതായ എല്ലാ യന്ത്രസാമഗ്രികളും മററു ഉപസാധനങ്ങളും മററു ജംഗമ വസ്തുക്കളും, അതു സംബന്ധിച്ച എല്ലാ അക്കൗണ്ട് പുസ്തകങ്ങളും രജിസ്ററുകളും മററു രേഖകളും സർക്കാരിലേയ്ക്ക് കൈമാററം ചെയ്യപ്പെടുകയും നിക്ഷിപ്തമാക്കപ്പെടുകയും ചെയ്യുന്നതാണ്.

4. <u>3-ാം വകുപ്പുപ്രകാരമുള്ള നിക്ഷിപ്തമാക്കലിന്റെ പൊതുവായ ഫലം</u>.—3-ാം വകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട എല്ലാ വസ്തുക്കളും അങ്ങനെ നിക്ഷിപ്തമാക്കിയതിന്റെ ഫലമായി, അതിനെ ബാധിക്കുന്ന ഏതെങ്കിലും ട്രസ്ററുകൾ, കടപ്പാടുകൾ, പണയങ്ങൾ, ചാർജ്ജുകൾ, അവകാശം, മററു കുടിക്കടങ്ങൾ എന്നിവയിൽ നിന്നും മോചനം കിട്ടിയതായും കൊടുത്തു തീർത്തതായും ജപ്തി, ഇൻജംഗ്ഷൻ അഥവാ അങ്ങനെയുള്ള വസ്തു ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കുന്നതിനെ നിയന്ത്രിച്ചുകൊണ്ടുള്ള ഏതെങ്കിലും ജപ്തിയോ, നിരോധനാജ്ഞയോ അഥവാ കോടതിയുടെ ഡിക്രിയോ ഉത്തരവോ പിൻവലിക്കപ്പെട്ടതായും കരുതേണ്ടതാകുന്നു.

5. <u>വസ്തുവിവര പട്ടിക</u>.—(1) ഇതിനുവേണ്ടി സർക്കാർ, അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരമുള്ള നോട്ടീസ് നടത്തുകയോ അല്ലെങ്കിൽ ആ വകുപ്പു (2 ാം ഉപവകുപ്പുപ്രകാരമുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയോ ചെയ്തതിനു ശേഷവും പ്രസ്തുത 1)-ാം ഉപവകുപ്പുപ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പും ആ നോട്ടീസ് സംബന്ധിച്ച് കശുവണ്ടി ഫാക്റ്ററിയുടെ, അതതു സംഗതിപോലെ പ്രസ്തുത നോട്ടീസ് നടത്തുന്ന തീയതിയിലോ] അഥവാ ആ നോട്ടീസ് പ്രസിദ്ധം ചെയ്ത തീയതിയിലോ ഉള്ള വസ്തുക്കളുടെ പൂർണ്ണ വസ്തുവിവരപ്പട്ടിക തയ്യാറാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉദ്യോഗസ്ഥന് വസ്തുവിവരപ്പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി കശുവണ്ടി ഫാക്ടറിയുടെ പരിസരത്തിൽ പ്രവേശിക്കുന്നതിനും അയാൾക്ക് ആവശ്യമെന്നു തോന്നുന്ന വിവരങ്ങൾ കൈവശക്കാരനിൽ നിന്നോ അവിടെ ജോലിയുള്ള ഏതെങ്കിലും ആളിൽ നിന്നോ ആവശ്യപ്പെടുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(3 (2)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും വിവരം നൽകാൻ ആവശ്യപ്പെട്ടിട്ടുള്ള ഒരാൾ അയാളുടെ അറിവിൽപ്പെട്ടിടത്തോളമുള്ള വിവരങ്ങൾ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

6. നോട്ടീസ് നടത്തിയതിനുശേഷം വസ്തുക്കളും ആസ്തികളും നാശപ്പെടുത്തുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യാൻ പാടില്ലെന്ന്.—3-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരമുള്ള നോട്ടീസ് നടത്തിയതിനുശേഷമോ അഥവാ ആ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിനുശേഷമോ, കൈവശക്കാരനോ അഥവാ മറേറതെങ്കിലും ആളോ നോട്ടീസ് ബാധിക്കുന്നതായ കശുവണ്ടി ഫാക്ടറിയുടെ സ്വത്തുക്കളുടെയും ആസ്തികളുടെയും വില കുറയ്ക്കുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ പാടില്ലാത്തതും, ഫാക്ടറി പരിസരത്തുനിന്ന് അങ്ങനെയുള്ള വസ്തുവോ ആസ്തിയോ നീക്കം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

7. വിലയ്ക്കെടുത്ത വസ്തുവും അതു സംബന്ധിച്ച രേഖകളും കൈവശം നൽകുവാനുള്ള കടമ.—(1) ഈ ആക്ററുപ്രകാരം ഏതെങ്കിലും വസ്തു സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ടെങ്കിൽ ആ വസ്തു ആരുടെ കൈവശത്തിലോ അധീനതയിലോ നിയന്ത്രണത്തിലോ ഇരുന്നാലും ആ ആൾ ആ വസ്തു സർക്കാരിനു ഉടനടി നൽകേണ്ടതാണ്.

(2) ഈ ആക്ററുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള വസ്തുക്കൾ കൈവശം എടുക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സർക്കാരിനു എടുക്കാവുന്നതും അഥവാ എടുപ്പിക്കാവുന്നതും അതിനുവേണ്ടി സർക്കാരിനു യുക്തമെന്നു തോന്നുന്ന ബലം പ്രയോഗിക്കാവുന്നതുമാണ്.

8. കശുവണ്ടി ഫാക്ടറി കോർപ്പറേഷനിൽ നിക്ഷിപ്തമാക്കുന്നതിന് നിർദ്ദേശിക്കുവാനുള്ള സർക്കാരിന്റെ അധികാരം.—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് രേഖാമൂലം, ഈ ആക്ററുപ്രകാരം അതിൽ നിക്ഷിപ്തമായിട്ടുള്ള കശുവണ്ടി ഫാക്ടറി സർക്കാരിൽ നിക്ഷിപ്തമായി തുടരുന്നതിനുപകരം, ഉത്തരവിൽ പ്രത്യേകമായി പറയാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി (നിർദ്ദിഷ്ട തീയതിയ്ക്കു മുമ്പല്ലാത്ത ഒരു തീയതി) കോർപ്പറേഷനിൽ നിക്ഷിപ്തമാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു കശുവണ്ടി ഫാക്ടറി കോർപ്പറേഷനിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചാൽ, ഫാക്ടറി സംബന്ധിച്ച സർക്കാരിന്റെ എല്ലാ അവകാശങ്ങളും, ബാദ്ധ്യതകളും, കടപ്പാടുകളും അങ്ങനെ നിക്ഷിപ്തമാക്കിയ തീയതി മുതൽ യഥാക്രമം കോർപ്പറേഷന്റെ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും ആയിത്തീർന്നതായി കണക്കാക്കേണ്ടതാണ്.

9. പണം നൽകൽ.—(1) ഈ ആക്ററുപ്രകാരം വിലയ്ക്കെടുക്കപ്പെട്ട ഓരോ കശുവണ്ടി ഫാക്ടറിയുടെയും കൈവശക്കാരന് പട്ടികയിൽ പറഞ്ഞിട്ടുള്ള തത്വങ്ങളനുസരിച്ച് നിശ്ചയിക്കുന്ന ഒരു തുക സർക്കാർ നൽകേണ്ടതാണ്.

എന്നാൽ കൈവശക്കാരൻ കശുവണ്ടി ഫാക്ടറിയുടെ ഉടമയല്ലാത്ത സംഗതിയിൽ, അങ്ങനെയുള്ള ഉടമയ്ക്ക് (5)-ാം ഉപവകുപ്പുപ്രകാരം ജില്ലാ കോടതി നിശ്ചയിക്കാവുന്ന തുകയുടെ ഭാഗത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നൽകേണ്ട തുക, നിർദ്ദിഷ്ട തീയതി മുതൽ മൂന്നു മാസത്തിനകം ജില്ലാ കളക്ടർ തീരുമാനിക്കേണ്ടതാണ്.

(3) ജില്ലാ കളക്ടർ തീരുമാനിക്കുന്ന തുകയെപ്പറ്റി തർക്കമുണ്ടാകുമ്പോഴോ അഥവാ തുകയ്ക്ക് ഒന്നിലധികം ആളുകൾ തർക്കം ചെയ്ത് അവകാശപ്പെടുമ്പോഴോ കശുവണ്ടി ഫാക്ടറി ഏതു ജില്ലാ കോടതിയുടെ അധികാരാതിർത്തിയിലാണോ സ്ഥിതിചെയ്യുന്നത് ആ ജില്ലാ കോടതിയിലേയ്ക്ക് ഈ കാര്യം തീരുമാനിക്കുന്നതിനായി ജില്ലാ കളക്ടർ അയക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു റഫറൻസ് നിർണ്ണയിക്കപ്പെട്ട രൂപത്തിലായിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട വിശദവിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രേഖകളോടുകൂടിയതുമായിരിക്കേണ്ടതുമാണ്.

(5) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു റഫറൻസ് ലഭിച്ചാൽ ജില്ലാ കോടതി, അതിന് ആവശ്യമെന്നു തോന്നുന്ന അന്വേഷണ വിചാരണയ്ക്കുശേഷം 1-ാം ഉപവകുപ്പുപ്രകാരം നൽകാവുന്ന തുക നിശ്ചയിച്ചുകൊണ്ടുള്ളതോ അഥവാ അതിന് അവകാശമുള്ള ആളുകൾക്ക് തുക ഭാഗിച്ചുകൊണ്ടുള്ളതോ ആയ ഉത്തരവ് പാസാക്കേണ്ടതാണ്.

(6) ഈ ആക്ടുപ്രകാരം സർക്കാരിലോ കോർപ്പറേഷനിലോ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടിഫാക്ടറിയുടെ ഉടമയിൽ നിന്നോ അഥവാ കൈവശക്കാരനിൽ നിന്നോ കിട്ടേണ്ടതായ ഓരോ ഈടുകടവും മറ്റെല്ലാ കടങ്ങളെക്കാളും മുൻഗണനയുണ്ടായിരിക്കുന്നതും ഈടുകടക്കാരുടെ അവകാശങ്ങളും അവകാശബന്ധങ്ങളുമനുസരിച്ച് നൽകേണ്ടതുമാണ്.

(7) മേൽപറഞ്ഞ വ്യവസ്ഥകളനുസരിച്ച് നിശ്ചയിക്കുന്ന തുക അതിന് അവകാശപ്പെട്ട ആൾക്കോ അഥവാ ആളുകൾക്കോ അങ്ങനെ നിശ്ചയിച്ച തീയതി മുതൽ ആറുമാസത്തിനകം രൊക്കമായി നൽകേണ്ടതാണ്.

എന്നാൽ മേൽപറഞ്ഞ കാലത്തിനകം തുക നൽകിയിട്ടില്ലെങ്കിൽ, മേൽപറഞ്ഞ കാലാവധി തീർന്ന തീയതി മുതൽ ആ തുകയിൻമേൽ വർഷംതോറും നാലു ശതമാനം നിരക്കിൽ സർക്കാർ പലിശ നൽകേണ്ടതാണ്.

10. <u>ചില തൊഴിലാളികളുടെ ജോലി തുടരുമെന്ന്.</u>—(1) 1947-ലെ വ്യവസായതർക്ക ആക്ടിന്റെ (1947-ലെ 14-ാം കേന്ദ്ര ആക്ട്) അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു തൊഴിലാളിയായിരിക്കുകയും നിശ്ചിത തീയതിക്ക് തൊട്ടുമുൻപ് ഈ ആക്ടുപ്രകാരം അതതു സംഗതിപോലെ സർക്കാരിലോ കോർപ്പറേഷനിലോ നിക്ഷിപ്തമായിട്ടുള്ള കശുവണ്ടിഫാക്ടറിയിൽ ജോലിയായിട്ടുള്ളവനും ആയ ഏതൊരാളും, നിശ്ചിത തീയതിയിലും അതു മുതൽക്കും, അതതു സംഗതിപോലെ സർക്കാരിന്റേയോ കോർപ്പറേഷന്റെയോ ജീവനക്കാരനായിത്തീരുന്നതും, അങ്ങനെയുള്ള കശുവണ്ടിഫാക്ടറി അതതു സംഗതി പോലെ സർക്കാരിലോ കോർപ്പറേഷനിലോ കൈമാറം ചെയ്യപ്പെടുകയോ നിക്ഷിപ്തമാക്കപ്പെടുകയോ ചെയ്തിട്ടില്ലെങ്കിൽ അയാൾക്ക് അനുഭവിക്കുമായിരുന്ന അതേ നിബന്ധനകളിലും വ്യവസ്ഥകളിലും പെൻഷൻ, ഗ്രാറ്റുവിറ്റി, മറ്റുകാര്യങ്ങൾ എന്നിവയിലുള്ള അതേ അവകാശങ്ങളോടുകൂടിയും സ്ഥാനം വഹിക്കേണ്ടതും അഥവാ സേവനം ചെയ്യേണ്ടതും, ആ കശുവണ്ടിഫാക്ടറിയിലുള്ള അതതു സംഗതിപോലെ സർക്കാരോ കോർപ്പറേഷനോ അയാളുടെ വേതനവും അയാളുടെ തൊഴിൽസംബന്ധമായ നിബന്ധനകളും

വ്യവസ്ഥകളും യഥാകാലം മാററുകയോ ചെയ്യുന്നതുവരെ അപ്രകാരം തുടരേണ്ടതുമാണ്.

(2) ഈ ആക്ററുപ്രകാരം അതതു സംഗതിപോലെ, ഒരു കശുവണ്ടി ഫാക്ടറി നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള സർക്കാരോ കോർപ്പറേഷനോ പരസ്പരം സ്വീകാര്യമായ തിട്ടങ്ങളിൻമേലും വ്യവസ്ഥകളിൻമേലും 1947-ലെ വ്യവസായതർക്ക ആക്ററിന്റെ (1947-ലെ 14-ാം കേന്ദ്ര ആക്ററ്) അർത്ഥവ്യാപ്തിക്കുള്ളിൽ തൊഴിലാളിയല്ലാത്തവനും നിശ്ചിത തീയതിക്ക് തൊട്ടുമുൻപ് അങ്ങനെയുള്ള കശുവണ്ടിഫാക്ടറിയിൽ ജോലിയായിട്ടുള്ളവനുമായ മറ്റാളെ ജോലിയിൽ നിയമിക്കാവുന്നതും അങ്ങനെ ജോലിയിൽ നിയമിക്കുമ്പോൾ മേൽപറഞ്ഞ ആൾ അതതുസംഗതിപോലെ സർക്കാരിന്റേയോ കോർപ്പറേഷന്റേയോ ഒരു തൊഴിലാളിയായിത്തീരുന്നതുമാണ്.

(3) (1)-ം (2)-ം ഉപവകുപ്പുകളിൽ വ്യവസ്ഥചെയ്തപ്രകാരമൊഴികെ ഈ ആക്ററുപ്രകാരം സർക്കാരിലോ കോർപ്പറേഷനിലോ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടിഫാക്ടറിയിൽ നിശ്ചിത തീയതിയിൽ തൊഴിലാളിയായിട്ടുള്ള ഏതൊരാളുടേയും സേവനങ്ങൾ സർക്കാർ പ്രത്യേകം പറയാവുന്ന തീയതിയിലും അതുമുതൽക്കും അവസാനിക്കുന്നതാണ്.

(4) സേവനകരാറുപ്രകാരമോ അഥവാ മററുപ്രകാരമോ ഏതെങ്കിലും ആളുടെ സേവനം അവസാനിക്കുമ്പോഴോ അഥവാ ഈ ആക്ററിലെ വ്യവസ്ഥകൾ കാരണം അയാളുടെ സേവനം സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ കൈമാററം ചെയ്യപ്പെടുകയോ ചെയ്യുമ്പോൾ, അയാൾക്ക് ഗ്രാറ്റുവിററി, പിരിഞ്ഞുപോകൽ സംബന്ധിച്ച ആനുകൂല്യങ്ങൾ എന്നീ വകയിലുള്ള ഏതെങ്കിലും തുകകൾക്കോ അഥവാ എടുക്കാത്ത ഏതെങ്കിലും അവധിക്കുവേണ്ടിയോ അഥവാ മററ് ആനുകൂല്യങ്ങൾക്കുവേണ്ടിയോ നൽകുന്ന ഏതെങ്കിലും തുകകൾക്കോ അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ആൾ അയാളുടെ അവകാശം കശുവണ്ടിഫാക്ടറിയുടെ കൈവശക്കാരനെതിരായി മാത്രമല്ലാതെ സർക്കാരിനെതിരായോ കോർപ്പറേഷനെതിരായോ നടപ്പാക്കാൻ പാടില്ലാത്തതുമാകുന്നു.

11. <u>പ്രോവിഡന്റ് ഫണ്ട്.</u>—(1) ഒരു കശുവണ്ടിഫാക്ടറി അതിന്റെ ജീവനക്കാരുടെ ക്ഷേമത്തിനുവേണ്ടി ഒരു പ്രോവിഡന്റ്ഫണ്ട് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഈ ആക്ററുമൂലമോ അതുപ്രകാരമോ സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ സേവനങ്ങൾ കൈമാററം ചെയ്യപ്പെട്ട ജീവനക്കാരെ സംബന്ധിച്ച പണം നിശ്ചിത തീയതിയിൽ അങ്ങനെയുള്ള പ്രോവിഡന്റ് ഫണ്ടിന്റെ പണത്തിൽനിന്നും അതതു സംഗതിപോലെ സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ കൈമാററം ചെയ്യപ്പെട്ടതായും നിക്ഷിപ്തമാക്കപ്പെട്ടതായും തീരുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ കൈമാററം ചെയ്യപ്പെട്ട പണം, അതതു സംഗതിപോലെ സർക്കാരോ കോർപ്പറേഷനോ നിർണ്ണയിക്കപ്പെട്ടവിധത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്.

12. <u>വാർദ്ധക്യകാലഫണ്ടും ക്ഷേമഫണ്ടും മററുഫണ്ടുകളും.</u>—ഈ ആക്ററുപ്രകാരം സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ സേവനങ്ങൾ കൈമാററം ചെയ്യപ്പെട്ട ജീവനക്കാരുടെ ക്ഷേമത്തിനായി വാർദ്ധക്യകാലഫണ്ടോ ക്ഷേമഫണ്ടോ മററുഫണ്ടുകളോ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള ജീവനക്കാർ ജോലിചെയ്യുന്ന കശുവണ്ടിഫാക്ടറി, അങ്ങനെയുള്ള ഓരോ ജീവനക്കാരനും കൊടുക്കേണ്ടതായ തുക ഇതിനുവേണ്ടി സർക്കാർ പ്രത്യേകം പറയാവുന്ന

ണിയതിക്ക് തൊട്ടുമുമ്പുള്ള തീയതിക്ക് ജീവനക്കാരൻ പെൻഷനായപ്പോ പോലെയോ അഥവാ കശുവണ്ടിഫാക്ടറിയിലുള്ള അയാളുടെ സേവനങ്ങൾ അവസാനിച്ചപോലെയോ കണക്കാക്കി വിതരണം ചെയ്യേണ്ടതാണ്.

13. <u>ശിക്ഷകൾ.</u>—(1) ഏതെങ്കിലും ആൾ,—

(എ) 5-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വിവരം നൽകാൻ വീഴ്ച വരുത്തുകയോ അഥവാ കള്ളവാണെന്നോ കള്ളവാണെന്നു വിശ്വസിക്കാൻ കാരണമുണ്ടെന്നോ അയാൾക്കറിയാവുന്ന ഏതെങ്കിലും വിവരം നൽകുകയോ; അഥവാ

(ബി) 6-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കയോ; അഥവാ

(സി) തന്റെ കൈവശത്തിലോ അധീനതയിലോ നിയന്ത്രണത്തിലോ ഉള്ള കശുവണ്ടിഫാക്ടറിയുടെ ഭാഗമായ ഏതെങ്കിലും വസ്തു സംബന്ധിച്ച് 3-ാംവകുപ്പുപ്രകാരം ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ടായിരിക്കുകയും, അങ്ങിനെയുള്ള വസ്തു സർക്കാരിന് നൽകാതെ ന്യായരഹിതമായി തടഞ്ഞുവയ്ക്കുകയോ; അഥവാ

(ഡി) ഈ ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള കശുവണ്ടിഫാക്ടറിയുടെ ഭാഗമായ ഏതെങ്കിലും വസ്തു ന്യായരഹിതമായി കൈയടക്കുകയോ;

ചെയ്താൽ അയാൾക്ക് ഒരുവർഷംവരെ വരാവുന്ന കാലത്തേക്കുള്ള തടവോ, പിഴയോ അഥവാ രണ്ടുംകൂടിയതോ ആയ ശിക്ഷ നൽകേണ്ടതാണ്;

എന്നാൽ, (സി) എന്ന ഖണ്ഡപ്രകാരമോ (ഡി) എന്ന ഖണ്ഡപ്രകാരമോ ഉള്ള ഒരുകുറ്റം വിചാരണചെയ്യുന്ന കോടതി, പ്രതിയെ ശിക്ഷിക്കുന്ന സമയത്ത്, അയാൾ സർക്കാരിന് നൽകാതെ ന്യായരഹിതമായി തടഞ്ഞുവച്ചതോ കൈയടക്കിയതോ ആയ ഏതെങ്കിലും വസ്തു കോടതി നിശ്ചയിച്ച സമയത്തിനകം ഏൽപ്പിച്ചുകൊടുക്കുന്നതിന് ഉത്തരവിടാവുന്നതാണ്.

(2) സർക്കാരിന്റെയോ അഥവാ സർക്കാർ ഇതിനുവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ മുന്നനുമതിയോടുകൂടിയല്ലാതെ യാതൊരു കോടതിയും ഈ വകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം വിചാരണ ചെയ്യാൻ പാടില്ലാത്തതാകുന്നു.

14. <u>കമ്പനി ചെയ്യുന്ന കുറ്റങ്ങൾ.</u>—(1) ആ ആക്റ്റുപ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുകയാണെങ്കിൽ, കുറ്റംചെയ്യുന്ന സമയത്ത് കമ്പനിയുടെ പ്രവൃത്തി നടത്തുന്നതിന് ചുമതലയുണ്ടായിരിക്കുകയും കമ്പനയോട് ഉത്തരവാദിത്വമുണ്ടായിരിക്കുകയും ചെയ്ത ഏതൊരാളും കമ്പനിയും കുറ്റം ചെയ്തിട്ടുള്ളതായി കരുതേണ്ടതും, കമ്പനിക്കും അയാൾക്കും എതിരായി നടപടിയെടുക്കേണ്ടതും അതനുസരിച്ച് ശിക്ഷിക്കേണ്ടതുമാണ്.

എന്നാൽ അയാളുടെ അറിവോടുകൂടാതെയാണ് ഈ (കുറ്റം ചെയ്തിട്ടുള്ളതെന്നോ അഥവാ അങ്ങനെയുള്ള) കുറ്റം ചെയ്യുന്നത് തടയുന്നതിന് അയാൾ യഥാവധി ശ്രമിച്ചുവെന്നോ അയാൾ തെളിയിച്ചാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ഏതെങ്കിലും ഡയറക്ടരുടേയോ, മാനേജരുടേയോ സെക്രട്ടറിയുടേയോ അഥവാ കമ്പനിയിലെ മററുദ്യോഗസ്ഥന്റെയോ അനുമതിയോടുകൂടിയോ ഒത്താശയോടുകൂടിയോ ആണ് ചെയ്തിട്ടുള്ളതെന്നോ അഥവാ അവരുടെ കാരണമാണെന്നോ തെളിയിക്കപ്പെടുകയുംചെയ്താൽ അങ്ങിനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ

മററു ഉദ്യോഗസ്ഥനോ ആ കുററം ചെയ്തതായി കണക്കാക്കേണ്ടതും അവർക്കെതിരായി നടപടിയെടുക്കേണ്ടതും അതനുസരിച്ച് ശിക്ഷ നൽകേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിലെ ആവശ്യങ്ങൾക്കായി,—

(എ) "കമ്പനി" എന്നാൽ ഏകാംഗയോഗം എന്നർത്ഥമാകുന്നതും ഒരു കച്ചവടയോഗമോ അഥവാ വ്യക്തികളുടെ സംഘടനയോ ഉൾപ്പെടുന്നതുമാകുന്നു;

(ബി) ഒരു കച്ചവടയോഗത്തെ സംബന്ധിച്ചിടത്തോളം "ഡയറക്ടർ" എന്നാൽ കച്ചവടയോഗത്തിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

15. ഉത്തമവിശ്വാസത്തോടെ ചെയ്യുന്ന പ്രവൃത്തിക്ക് സംരക്ഷണം.—(1) ഈ ആക്ററുപ്രകാരം ഉത്തമവിശ്വാസത്തോടെ ചെയ്തതോ അഥവാ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രവൃത്തിക്ക് സർക്കാരിനെതിരായോ കോർപ്പറേഷനെതിരായോ അഥവാ സർക്കാരിന്റെയോ കോർപ്പറേഷന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ എതിരായോ യാതൊരു വ്യവഹാരമോ, ശിക്ഷണനടപടിയോ അഥവാ മററു നിയമാനുസൃത നടപടിയോ എടുക്കാൻ പാടില്ലാത്തതാകുന്നു.

(2) ഈ ആക്ററുപ്രകാരം ഉത്തമവിശ്വാസത്തോടെ ചെയ്തതോ അഥവാ ചെയ്യാനുദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തികൊണ്ട് ഉണ്ടായിട്ടുള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ നാശനഷ്ടങ്ങൾക്കുവേണ്ടി സർക്കാരിനെതിരായോ കോർപ്പറേഷനെതിരായോ അഥവാ സർക്കാരിന്റെയോ കോർപ്പറേഷന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ എതിരായോ യാതൊരു വ്യവഹാരമോ മററു നിയമാനുസൃത നടപടിയോ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

16 ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ഗസററിൽ പരസ്യംമൂലം സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററുപ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ അതിനു മുമ്പാകെ ആകെ പതിന്നാലുദിവസത്തേക്ക്—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടുസമ്മേളനങ്ങളിലോ പെടാം, വയ്ക്കേണ്ടതും അതുപ്രകാരം വയ്ക്കപ്പെടുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുകയാണെങ്കിൽ ചട്ടത്തിന് അതിനു ശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാണ്. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം നേരത്തെ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ദൂഷ്യം വരാത്ത വിധത്തിലായിരിക്കേണ്ടതാകുന്നു.

17. റദ്ദാക്കലും ഒഴിവാക്കലും.—(1) 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഓർഡിനൻസ് (1974-ലെ 8) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും, മേൽപറഞ്ഞ ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത എന്തെങ്കിലും നടപടിയോ 1974 ജൂൺ 28-ാംതീയതി ഈ ആക്ററ് പ്രാബല്യത്തിൽ വന്നിരുന്നാലെന്ന പോലെ ഈ ആക്ററുപ്രകാരം ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കണക്കാക്കേണ്ടതാകുന്നു.

പട്ടിക

(9-ാം വകുപ്പു നോക്കുക)

കശുവണ്ടിഫാക്ടറി വിലയ്ക്കെടുക്കുന്നതിന് നൽകേണ്ട തുക നിശ്ചയിക്കുന്നതിനുള്ള തത്വങ്ങൾ

ഖണ്ഡിക I

കശുവണ്ടിഫാക്ടറി വിലയ്ക്കെടുക്കുന്നതിന് സർക്കാർ നൽകേണ്ട തുക നിശ്ചിത ദിവസത്തിൽ കശുവണ്ടിഫാക്ടറിയ്ക്കുള്ള സ്വത്തുക്കളുടേയും ആസ്തികളുടേയും II-ാം ഖണ്ഡികയിലെ വ്യവസ്ഥകളനുസരിച്ച് കണക്കാക്കിയിട്ടുള്ള വിലയുടെ ആകെത്തുകയായിരിക്കുന്നതാണ്.

ഖണ്ഡിക II

(എ) (i) ഫാക്ടറി സ്ഥാപിക്കുന്ന കാലത്ത് ഫാക്ടറിയുടെ ഭാഗമായിരുന്ന ഏതെങ്കിലും ഭൂമി സംബന്ധിച്ച് ഫാക്ടറി സ്ഥാപിക്കുന്ന സമയത്ത് അങ്ങനെയുള്ള ഭൂമിയുടെ വില;

(ii) ഫാക്ടറി സ്ഥാപിച്ചുകഴിഞ്ഞതിനുശേഷം ഫാക്ടറിയുടെ ആവശ്യങ്ങൾക്കുവേണ്ടി ഉടമയോ കൈവശക്കാരനോ വിലയ്ക്കെടുത്ത ഏതെങ്കിലും ഭൂമി സംബന്ധിച്ച്, അങ്ങനെ വിലയ്ക്കെടുക്കുന്ന സമയത്തുള്ള ഭൂമിയുടെ വില;

(ബി) കെട്ടിടം പണിചെയ്തകാലത്തെ വിലയിൽ നിന്ന് പരമാവധി 50 ശതമാനം വിലയിടിവ് എന്നതിനു വിധേയമായി വർഷംതോറും 5 ശതമാനം എന്ന നിരക്കനുസരിച്ച് വിലയിടിവ് കുറച്ച തുക.

(സി) പ്രവൃത്തിപ്പിക്കാത്തതോ ഉപയോഗിക്കാത്തതോ ആയ ഏതെങ്കിലും പ്ലാൻറ്, യന്ത്രങ്ങൾ, മററു ഉപകരണങ്ങൾ എന്നിവ വിലയ്ക്കെടുത്തതിൻെറ യഥാർത്ഥ വിലയും മറേറതെങ്കിലും പ്ലാൻറ്, യന്ത്രങ്ങൾ, മററു ഉപകരണങ്ങൾ എന്നിവയുടെ വിലയിടിവ് കുറച്ച് രേഖപ്പെടുത്തിയ തുകയും (1961-ലെ ആദായനികുതി ആക്ററിലെ വ്യവസ്ഥകളനുസരിച്ച് നിശ്ചയിക്കപ്പെട്ടത്) എന്നാൽ അങ്ങനെ രേഖപ്പെടുത്തിയ തുക, അങ്ങനെയുള്ള പ്ലാൻറ്, യന്ത്രങ്ങൾ, മററു ഉപകരണങ്ങൾ എന്നിവ വിലയ്ക്കെടുത്ത യഥാർത്ഥ വിലയുടെ ഇരുപത്തിഅഞ്ചു ശതമാനത്തിൽ കുറയാൻ പാടില്ലാത്തതാണ്.

(A True Translation)

N. KRISHNA PILLAI,
Head Translator.